പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2396 08/05/2017 -ൽ മറുപടിയ്ക്ക്

### വിദ്യാർത്ഥികളിൽ സാമൂഹ്യ അവബോധവും സേവന മനോഭാവവും വളർത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഹൈസ്കൂൾ,ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളിൽ സാമൂഹ്യ അവബോധവും സേവന മനോഭാവവും വളർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിലെ സ്കൂൾ വിദ്യാർത്ഥികളിൽ സാമൂഹ്യ അവബോധവും സേവന മനോഭാവവും വളർത്തുന്നതിന് വേണ്ടി കുട്ടികൾക്കിടയിൽ എൻ.സി.സി, എൻ.എസ്.എസ്, സ്കൗട്ട് & ഗൈഡ്സ്, എസ്.പി.സി മുതലായ സംഘടനകൾ രൂപീകരിച്ചിട്ടുണ്ട്. ഇതേ ലക്ഷ്യത്തോടുകൂടി വിവിധ ക്ലബ്ബുകളും സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്നു |
| (ബി) വിദ്യാർത്ഥികൾക്ക് പ്രകൃതി സംരക്ഷണം, ജല സംരക്ഷണം, ശുചീകരണം, മരം വച്ചു പിടിപ്പിക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വർഷത്തിൽ അഞ്ചു ദിവസമെങ്കിലും പൊതു സേവനം നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിക്കാനാകുമോ? | (ബി) | പ്രകൃതി സംരക്ഷണം, ജല സംരക്ഷണം, ശുചീകരണം, മരം വെച്ചു പിടിപ്പിക്കൽ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ദിനാചരണങ്ങളും ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനങ്ങൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ ഉടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. വർഷത്തിൽ അഞ്ചു ദിവസമെങ്കിലും പൊതു സേവനം നിർബന്ധമാക്കണമെന്ന നിർദ്ദേശം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ